(ii) College for women in Home Science

Mrs. T. Francis *(Ernakulam-Women):* To reduce the allotment of Rs. 2,62,233 for education collegiate Education in Demand No. 23 by Re. 1. *(To Point out to the Government the need of a college for women in Home Science in our State)*

സർ, ഇപ്പോൾതന്നെ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി വിദ്യാഭ്യാസനയത്തിന്റെ സകല വശങ്ങളേയും കുറിച്ചു വിശദീകരിച്ചുകഴിഞ്ഞു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: മുഴുവനുമായിട്ടില്ല.

മിസ്സിസ് ടി. ഫ്രാൻസിസ്: എങ്കിലും ഒരു വിധമൊക്കെ പറഞ്ഞുകഴിഞ്ഞു. ഞാനുൾപ്പെടെ ഒരു കോളേജുവേണമെന്നാവശ്യപ്പെട്ടതിനു മുഖ്യ സാദ്ധ്യമല്ലെന്നും അതിന്റെ കാരണങ്ങളും വിശദീകരിച്ചു പറയുകയുണ്ടായി. എന്നാൽ എന്റെ മുഖ്യാവശ്യം ഒരു ആർട്ട്സ് കോളേജ് തല്ക്കാലം സ്ഥാപിച്ചുതരാൻ അല്ല ഈ കട്ടമോഷനിൽ മുഖ്യമായപ്പെട്ടിരിക്കുന്നതു മാത്രമല്ല ഒരു കോളേജു പെൺകുട്ടികൾക്കുവേണ്ടി സ്ഥാപിച്ചുതരണമെന്നു ഞാൻ ഇതിനുമുമ്പു രണ്ടുതവണ ഈ കൺസിലിൽ പറയുകയുണ്ടായിട്ടുണ്ട്. കൊല്ലംതോറും അനേകം യുവതികൾ പല കോളേജുകളിൽ നിന്നും അഭ്യസ്തവിദ്യരായി ഇറങ്ങിവരുന്നുണ്ട്. സ്കൂൾഫൈനൽ പാസായാൽ പിന്നെ എന്തു ചെയ്യേണ്ടുവെന്നറിയാതെ, ഏതായാലും കോളേജിൽ ചേരുക എന്നുള്ള ഒരു നിലയിലാണു ഇന്നു യുവതികൾ കോളേജുകളിൽ ചെന്നു ചേരുന്നതു്. അവിടെനിന്നു അവർ ബി. എ. ബിരുദവും മറ്റും നേടി പുറത്തുവരുന്നുണ്ട്. എന്നാൽ അവക്കു വീടുകളിൽ പ്രവൃത്തിക്കേണ്ടതെന്താണെന്നുള്ളതിനെപ്പറ്റി ഒരു അറിവും കിട്ടുന്നില്ല. ഏതു രീതിയിലായാലും ഭവനത്തിലെ കാര്യങ്ങളൊക്കെ സ്ത്രീകൾചെയ്തു തീർക്കേണ്ടതാണു്. വീട്ടുകാര്യങ്ങളുടെ ചുമതല സ്ത്രീകൾക്കുള്ളതാണു്. അതിൽ ഇന്നു കോളേജിൽ നിന്നിറങ്ങിവരുന്ന സ്ത്രീകൾക്കു ഒട്ടും ഇഷ്ടമില്ല. പഠിത്തംകഴിഞ്ഞാൽ വിവാഹിതരാകണം, മാതാവാകണം, കുട്ടികളെ വളർത്തണം ഇതൊക്കെ സ്ത്രീകളുടെ ചുമതലയാണു്. പ്രധാനമായി ആരോഗ്യത്തെ നിലനിറുത്തുന്നതായ ഭക്ഷണം ശരിയായ രീതിയിൽ പാകംചെയ്യാൻ പഠിക്കണം, ഉടുപ്പുകളും മറ്റും തുന്നുന്നതിനു പഠിച്ചിരിക്കണം; പിന്നെ സ്വന്തം വസ്ത്രങ്ങൾ ഭംഗിയാക്കി എടുക്കുന്നതിനു അറിവു വേണം; വിശേഷാൽ സംഗീതം, ഡാൻസ്, ചിത്രം വരക്കൽ, രൂപംകൊത്തൽ മുതലായ കലകളും ഈ പഠനത്തിൽ ഉൾപ്പെടുന്നതാകുന്നു. ഇങ്ങനെ സ്ത്രീകൾക്കു ഭവന കൃത്യങ്ങൾ ശരിയായി നിർവ്വഹിക്കുന്നതിനാവശ്യമായ കക്കറി, ലാണ്ടറി, നിഡിൽവർക്ക് ഗാർഡ്നിങ്ങ് മുതലായ ഗൃഹവിജ്ഞാനങ്ങൾ പഠിപ്പിക്കുന്നതിനാവശ്യമായ ഒരു ഹോംസൈൻസ് കോളേജ് ഇവിടെ സ്ഥാപിക്കണമെന്നാണു ഞാൻ ഈ കട്ടമോഷൻകൊണ്ടു ഗവർമ്മെണ്ടിനോടാവശ്യപ്പെടുന്നതു്. ഇത്തരത്തിൽ ഒരു കോളേജ് ഇവിടെയുണ്ടെങ്കിൽ സ്ത്രീകളെ സംബന്ധിച്ചിടത്തോളം, അവരെ സാധാരണ കോളേജിലേയ്ക്കു പറഞ്ഞയയ്ക്കാതെ സ്ത്രീകൾക്കു അനുയോജ്യമായ ഈ കോളേജിലേയ്ക്കയയ്ക്കാൻ സാധിക്കുന്നതാണു്. അങ്ങനെ ആയാൽ അവക്കും അവരുടെ ഭാവി തലമുറകൾക്കും നല്ലരീതിയിൽ ജീവിക്കുന്നതിനുള്ള പരിതഃസ്ഥിതി കളുണ്ടാക്കാൻ സാധിക്കുന്നതാണു്. ഇതിനെക്കുറിച്ചു ഇപ്പോൾ വിദ്യാഭ്യാസ മന്ത്രി ഡൽഹിയിലേയ്ക്കുടയ്ക്കുടയ്ക്കുപോകുന്നതുകൊണ്ടു അവിടെയുള്ള ലേഡി ഇർവിൻ കോളേജിനെ സംബന്ധിച്ചു അന്വേഷണം നടത്തുന്നതിനും വേണ്ട വിവരങ്ങൾ ഗ്രഹിക്കുന്നതിനും സാധിക്കുന്നതാണു്. ഏതു തരത്തിലുള്ള വിദ്യാഭ്യാസമാണു അവിടെ സ്ത്രീകൾക്കു കൊടുക്കുന്നതെന്നു അദ്ദേഹത്തിനു മനസ്സിലാക്കാൻ എളുപ്പമുണ്ടു്. ഏതു രീതിയിലുള്ള ഒരു കോളേജ് ഇവിടെയും ഉണ്ടായാൽകൊള്ളാമെന്നു ഗവർമ്മെണ്ടിനോടാവശ്യപ്പെടാനാണു ഞാൻ ഈ കട്ടമോഷൻ കൊണ്ടുവന്നിരിക്കുന്നതു്. ഇങ്ങനെ സ്ത്രീകൾക്കു അനുയോജ്യമായ വിദ്യാഭ്യാസം നടക്കുന്നതിനു ഒരു ഹോം സൈൻസ് കോളേജ് ഭാവിയിലെങ്കിലും നടപ്പിൽവരുത്തണമെന്നുള്ള അപേക്ഷയോടുകൂടി ഈ കട്ടമോഷൻ ഈ സഭ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. P. Kunaran Ezhuthassan *(Vadakkancheri):* Sir, Can I get one or two points of information. What is the total number of lady students now reading in Cochin Colleges roughly?

Mr. P. Govinda Menon *(Minister for Food and Education):* Without notice I can't answer that question.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Sir, I have very great pleasure to second this resolution because of its importance. It is well known that Cochin stands almost foremost in India in Education, more so in the matter of female education, a matter on which Cochinites may take legitimate pride. As stated by the Hon'ble mover of this cut motion, most of these female folk who resort to the colleges after their school final course, although not for the very reasons stated by the Hon'ble mover go into the College, necessarily into the Arts College. We have got the Maharaja's College, and almost as old as that, another College—St. Theresa's College and later still have got one or two Lady's Colleges at Trichur. I believe the total number of Lady's Colleges as such will be 3 and Maharaja's College is a College where students of both the sexes are admitted. I believe, Sir, the total number of Ladies in the Colleges of the State may perhaps be more than the total number of their counterparts, if not more than them, it will be at least equal to them. Sir, I can speak on surmises only because the Hon'ble Minister was not in a position to give me information regarding the No. of lady students in our Colleges even of a rough nature, without notice. Anyhow one fact will not be controverted that a large number of our female folk are in the Colleges and absolutely no difference exists between the Curriculam for the boys and that for girls. In fact both have the same Curriculam. The boys, as also the girls study the same thing in the Colleges and come out of the Colleges equipped in the same manner. So long as God has created man and woman one as a compliment of the other, the equipment of both at the College in the same fashion defeats God's purposes. Hence the necessity for a College, that will have a special syllabus and Curriculam befitting ladies and their future is a necessity. That will not be controverted. The question, Sir, is whether such a College should be had in Cochin or Cochin could afford to go in for it. There will be absolutely no objection for such a good thing to be introduced in Cochin. Therefore a ladies College for imparting instruction to ladies of the State as befits ladies and their future can well be had in Cochin. Have we the wherewithals for that is another question. U. C. information, is that there is a very large number of lady students in the Maharaja's College as also in the private Colleges adverted to by me, as far as the strength of a College, specially for girls is concerned there will be no difficulty at all and with the innovation that has been introduced—I believe the half fee concession to girls is going to be given up.....

Mr. P. Govinda Menon *(Minister for Food and Education)*: It is proposed to be given up.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: With that innovation now working in the minds of the Ministry a good amount of money is sure to come as tuition fees from the large number of lady students who will necessarily prefer to go to a ladies College than to a mixed College. But I know, Sir, that the tuition fee to be had from even a large number of students will not be sufficient for equipping a College and running it. But that is a matter which a civilised Government like ours and especially a changed Government as we have now and still further a changed Government we want them to be—such a Government must not hesitate, and cannot hesitate and will not be allowed to hesitate to go in for such a College. So necessity exists. Want of finances do not exist or if it exists must be surmounted and can be surmounted. Therefore, Sir, this is a question which the Government of the day ought to consider, not as they are considering various other propositions, but with acclerated speed taking on or rather making you able to start the course—that is to have the ladies College from the next academic year. I was very glad and even proud. I felt, to patiently listen to the Hon'ble Minister for Education in introducing the demand before the House in a short speech of nearly half an hour. As stated by me, Sir, many a little thing has been done. Though I say little, they are of far reaching consequences. I say little in comparison to greater things which the Minister himself admitted, Sir, have still to be done. One of these great thins that still remains to be done and that at the earliest is this, the subject matter of this Cutmotion. I hope that the Ministry will view this subject with the seriousness that the subject deserves and the purposes that it is going to serve. I do not wish to dilate upon this or refer to other matters in the Hon'ble Ministers speech on other subjects though the temptation is very great. Appropriate occasions will arise and I will try to avail myself of those opportunities. I support the motion.

*മസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, സ്ത്രീകളുടെ വിദ്യാഭ്യാസകാര്യത്തിൽ ഗവണ്മെന്റ് വളരെയധികം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. കൊച്ചിയിൽ, ഇന്ത്യയിൽ മറെറവി

*Speech not corrected by Hon'ble Minister

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ടെയുള്ളതിലും കൂടുതൽ സ്ത്രീ വിദ്യാഭ്യാസം പ്രചരിച്ചിട്ടുണ്ടെന്നാണു് വിശ്വസിക്കേണ്ടതു്. അതിനു് ഇനിയും പ്രചാരം കിട്ടാൻ വേണ്ടിയും സ്ത്രീ വിദ്യാഭ്യാസം കുറെകൂടി പരിഷ്കരിക്കാൻ ബഹുമാനപ്പെട്ട വനിതാമെമ്പർ പ്രസ്താവിച്ച തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ വേണ്ടിയുമാണു് ഗവമ്മെണ്ടു് ഒരു പദ്ധതി അംഗീകരിക്കാൻ ഇടയായതു്. അതായതു് പെൺകുട്ടികൾക്കുണ്ടായിരുന്ന പകുതിഫീസ്സ് സൌജന്യം ഇല്ലാതാക്കി. പഴയ വ്യവസ്ഥ തന്നെ തുടരുകയാണെങ്കിൽ കൂടുതൽ പണം ചിലവുചെയ്തു് കൂടുതൽ വിദ്യാഭ്യാസം പ്രചരിപ്പിക്കാൻ സാദ്ധ്യമല്ല. ഇന്നു് എത്ര ധനികന്റെ കുട്ടികളായലും പകുതിഫീസു കൊടുത്താൽ മതി. അതുകൊണ്ടു് ഗവമ്മെണ്ടിന്റെ ആനുകൂല്യം അർഹിക്കുന്ന പാവപ്പെട്ടവർക്കു വേണ്ടിടത്തോളം ആനുകൂല്യം കൊടുക്കാൻ കഴിയുന്നില്ല. അതാണു് സ്ത്രീകൾക്കു പകുതിഫീസു് മതിയെന്നുള്ള ഒരു സൌജന്യം നിറുത്തൽ ചെയ്യാൻ തീരുമാനിച്ചതു്. പെൺകുട്ടികളുടെ പകുതിഫീസ് സൌജന്യം എടുത്തുകളഞ്ഞതോടുകൂടി ഗവമ്മെണ്ടു് വളരെ ഔദാര്യത്തോടുകൂടി സ്ത്രീവിദ്യാഭ്യാസ വിഷയത്തിൽ സ്കോളർഷിപ്പുകളും മാറ്റം കൊടുക്കണമെന്നും തീരുമാനിച്ചിട്ടുണ്ടു്.

ഇപ്പോൾ ഇവിടെ ബഹുമാനപ്പെട്ട വനിതാമെമ്പർ ഉന്നയിച്ചിട്ടുള്ള വിഷയം സ്ത്രീ വിദ്യാഭ്യാസത്തിൽ ചില വ്യതിയാനങ്ങൾ വരുത്തണമെന്നുള്ളതാണു്. അതിനെ അതർഹിക്കുന്ന പ്രാധാന്യത്തോടുകൂടിത്തന്നെ പരിഗണിക്കാൻ ഗവമ്മെണ്ടു് തയ്യാറാണു്. നമ്മുടെ പെൺകുട്ടികൾ സ്കൂൾഫൈനലും ബി. എ. യും മറ്റും പാസായി പുറത്തുവന്നതിനു ശേഷം യഥാർത്ഥഗൃഹണികളാകുന്നതിനു പകരം ഗേഹബാധകളാകാതെയിരിക്കാൻ വേണ്ട ഉപദേശം, പരിശീലനം നല്കണമെന്നാണു് മിസ്സിസ് ടി. ഫ്റാൻസ്സിസ് ആവശ്യപ്പെട്ടതു്. ഇതു് പുതുമ ഒന്നും അല്ല. നമ്മുടെ രാജ്യത്തു പഴയകാലം മുതൽക്കുതന്നെ സ്ത്രീകളെ വിവാഹം കഴിച്ചു് കൊടുക്കുന്ന അവസരത്തിൽ ഭർത്തൃഗൃഹത്തിൽ സ്ത്രീകളെങ്ങിനെയാണു് പെരുമാറേണ്ടതെന്നും മറ്റുമുള്ള കാര്യങ്ങൾ കുടുംബത്തിലെ കാരണവസ്ഥാനം വഹിക്കുന്നവർ ഉപദേശിച്ചു കൊടുക്കാറുണ്ടു്. എന്നാൽ ഇന്നു് വിദ്യാഭ്യാസം മുഴുവൻ ഗൃഹങ്ങളിൽനിന്നു വിദ്യാലയങ്ങളിലേയ്ക്കു് പ്രവേശിച്ചിട്ടുള്ളതുകൊണ്ടു് ഇന്നുകിട്ടിവരുന്ന വിദ്യാഭ്യാസത്തിനു പുറമെ ഗൃഹകാര്യങ്ങളെ സംബന്ധിച്ചു സംഗതികൾ കലാലയം വഴി ശാസ്ത്രീയരീതിയിൽ സ്ത്രീകൾക്കുപദേശിച്ചു കൊടുക്കണമെന്നാണു് ഈ ഖണ്ഡനോപക്ഷേപത്തിന്റെ അവതാരിക ആവശ്യപ്പെട്ടിട്ടുള്ളതു്. ഈകാര്യം ഗവമ്മെണ്ടിന്റെ ആലോചനയിലിരിക്കുകയാണു്. പോസ്റ്റ് വാർ റികൺസ്റ്റ്റക്ഷൻ എഡ്യൂക്കേഷൻ കമ്മറ്റി ഈ ഹോം സൈൻസു് ഇന്നുള്ള സ്കൂളുകളിലും കോളേജുകളിലും തന്നെ ഇൻടഡ്യൂസ് ചെയ്യാൽ മതിയൊ അതൊ, ഹോം സൈൻസിനു തന്നെ ഒരു കോളേജ് തുടങ്ങണൊ എന്നതിനെപ്പറ്റി ആലോചിച്ചു് ഒരു പദ്ധതി തയ്യാറാക്കിവരികയാണു്. ഇതു് മിനിസ്റ്റർക്കു മാത്രം വിചാരിച്ചാൽ തയ്യാറാക്കാവുന്ന കാര്യമല്ല. ഇതിനെപ്പറ്റി പോസ്റ്റ്വാർ റികൺസ്റ്റ്റക്ഷൻ കമ്മിറ്റി തീരുമാനിച്ച ശേഷം ആ പദ്ധതി ഗവമ്മെണ്ടു് അംഗീകരിക്കുന്നതായിരിക്കും. ബഹുമാനപ്പെട്ട മെമ്പർ ഡൽഹിയിലെ ലേഡി ഇർവ്വിൻ കോളേജിനെപ്പറ്റി പറഞ്ഞു. ഇപ്പോൾഇതിനെപ്പറ്റി ആലോചന നടത്തുന്ന കമ്മിറ്റി ഒരു പദ്ധതി തയ്യാറാക്കി ഗവമ്മേണ്ടിലേക്കു സമർപ്പിക്കുന്ന അവസരത്തിൽ ഈ ലേഡി ഇർവ്വിൻ കോളേജിലെ സിസ്റ്റം അന്വേഷിച്ചു് വേണ്ടതുപോലെ ചെയ്യുന്നതാണു്. ഒരു കമ്മറ്റി ഈ കാര്യം ആലോചിക്കുന്നതുകൊണ്ടു് ഇതിനെക്കുറിച്ചിപ്പോൾ കൂടുതലൊന്നും പറയുവാനില്ല.

മിസ്സിസ് ടി. ഫ്റാൻസീസ് : സർ, വിദ്യാഭ്യാസ സമിതി ഈകാര്യം വളരെ താല്പര്യത്തോടെ വീക്ഷിക്കുന്നുണ്ടെന്നും ഒരു കമ്മിറ്റി ഇതിനെപ്പറ്റി ആലോചന നടത്തിവരുന്നുണ്ടെന്നും ഈ കാര്യത്തിൽ ഉപേക്ഷയുണ്ടാകയില്ലെന്നു പറഞ്ഞതിനു് അദ്ദേഹത്തോടു നന്ദി പറഞ്ഞുകൊണ്ടു് ഞാൻ ഈ കട്ടമോഷൻ പിൻവലിക്കുന്നു.

Motion, by leave, withdrawn

(iii) Teachers undergoing training—Hardships regading

മിസ്റ്റർ സി. എസ്സ്. പണിക്കർ : To reduce the allotment of Rs. 72,759 for Government Training Institution in Demand No. 23. Education by Re. 1. (*To point out to Government the hardships caused to the tieachers undergoing training at the Government Training Institutior, Ramavarmapuram for want of proper hostel facilities*)

LIBRARY ARCHIVES Kerala Legislative Assembly